ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികൾ

45 (430) ശ്രീ. എ. കെ. ബാലൻ:

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുതി പദ്ധതികളിൽ നിന്നല്ലാതെയുള്ള ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നല്ലാതെയുള്ള ഊർജ്ജ ഉല്പാദനത്തിൽ ഓരോ വർഷവും ലക്ഷ്യമിട്ട ഉല്പാദനം സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ കാണിച്ച അലംഭാവമാണ് സംസ്ഥാനത്ത് പ്രതിസന്ധി സൃഷ്ടിക്കുന്ന തരത്തിൽ ഊർജ്ജ ഉല്പാദനലക്ഷ്യം കൈവരിക്കുന്നതിന് സാദ്ധ്യമാകാത്തത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതോത്പാദനം ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി അനർട്ട് മുഖേന 10000 സൗരഗൃഹ പദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ വഴി യഥാക്രമം 10 മെഗാവാട്ട്, 15 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ടതിൽ സൗരഗൃഹ പദ്ധതി വഴി 1 KW 8500 പവർപ്ലാന്റുകൾ സ്ഥാപിച്ച് 8.5 മെഗാവാട്ട് കൈവരിക്കുകയും, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി മുഖേന 3.5 മെഗാവാട്ട് പവർപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന 363 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റുകൾ അനർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും 323 കിലോവാട്ട് മൊത്തം സ്ഥാപിതശേഷിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പവർപ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലുമാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കഴൻമന്ദത്ത് അനർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ വഴി 200 MW ശേഷിയുള്ള വൈദ്യുതോൽപ്പാദന പദ്ധതികൾ ആരംഭിക്കുന്നതിന് 2011-ൽ എൻ.റ്റി.പി.സി.-യുമായി കേരള സർക്കാർ ധാരണാപത്രത്തിൽ ഏർപ്പെട്ടുവെങ്കിലും പദ്ധതി പ്രദേശത്തേക്ക് യന്ത്രസാമഗ്രികൾ കൊണ്ടുപോകുന്നതിന് റോഡ് സൗകര്യമില്ലാത്തതിനാലും ചെറിയ മെഷീനുകൾ മാത്രമേ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാലും ഈ പദ്ധതി സാങ്കേതികമായും സാമ്പത്തികമായും അനുയോജ്യമല്ല എന്ന് എൻ.റ്റി.പി.സി. അറിയിച്ചിരുന്നു. തുടർന്ന് ടി പദ്ധതി പ്രദേശത്ത് അനർട്ടും കെ.എസ്.ഇ.ബി.-യും സംയുക്തമായി വിൻഡ് ഹൈബ്രിഡ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങുന്നതിന് പല തടസ്സങ്ങളും നിലനിൽക്കുന്നതിനാൽ കൽക്കരി ഉപയോഗപ്പെടുത്തി വൈദ്യുതി ഉത്പാദനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഒറീസ്സയിലെ ബൈതരണി ഉൾപ്പെടെയുള്ള മൂന്ന് കൽക്കരിപ്പാടങ്ങളിൽ നിന്നും കൽക്കരി ലഭ്യമാക്കുന്നതിനു വേണ്ട അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പെറ്റ്കോക്ക് അടിസ്ഥാനമാക്കിയുള്ള പദ്ധതിക്കുവേണ്ട സ്ഥലം ഫാക്ടിൽനിന്നും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി എൻ.എച്ച്.പി.സി.-യും കെ.എസ്.ഇ.ബി. ലിമിറ്റഡും ധാരണാപത്രത്തിൽ 7-5-2014-ൽ ഒപ്പുവച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെയും ഭൂവുടമകളേയും ചേർത്ത് രൂപീകരിച്ച കമ്പനിയിൽനിന്നും പദ്ധതിക്കുവേണ്ട സ്ഥലം പാട്ടത്തിന് ഏറ്റെടുത്ത് എൻ.എച്ച്.പി.സി.-ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ കെ.എസ്.ഇ.ബി. ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതി വഴി 10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ടതിൽ 8.5 ഓളം മെഗാവാട്ട് ശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാത്തതുമൂലം സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി ഉണ്ടായിട്ടില്ല. പ്രഖ്യാപിത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എനർജി ഇന്നവേഷൻ സോൺ

46 (431) ശ്രീ. ആർ. സെൽവരാജ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി ഇന്നവേഷൻ സോൺ പ്രവൃത്തിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ എനർജി ഇന്നവേഷൻ സോൺ 2013 ജൂലൈ 1 മുതൽ 2015 ജൂൺ 30 വരെ കളമശ്ശേരിയിലുള്ള സ്റ്റാർട്ടപ്പ് വില്ലേജിൽ പ്രവൃത്തിച്ചിരുന്നു.

(ബി) എനർജി ഇന്നവേഷൻ സോണിന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. വൈദ്യുത ഉത്പാദന പ്രസരണ വിതരണ രംഗങ്ങളിൽ നവീന ആശയങ്ങൾ വികസിപ്പിക്കുന്നതിന് ഗവേഷകർക്ക് ആവശ്യമായ സ്ഥലസൗകര്യം ഒരുക്കുക.
2. ഇതിലേയ്ക്കുവേണ്ടി അവർക്ക് ആവശ്യമെങ്കിൽ തക്കതായ മാർഗ്ഗനിർദ്ദേശം നൽകുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly